"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്- 2025-26 സാമ്പത്തിക വർഷത്തെ റെക്കറിംഗ് ഗ്രാന്റിന്റെ അവസാനത്തെ ഗഡു റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.146/2026/TSM തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 09.12.2008 ലെ സർക്കുലർ നം.84/2008/ധന.
2. 29.08.2009 ലെ സർക്കുലർ നം.75/2009/ധന.
3. 30.01.2018 ലെ സർക്കുലർ നം.08/2018/ധന.
4. 09.01.2020 ലെ സ.ഉ.(കൈ) നം.4/2020/ധന.
5. 04.01.2021 ലെ സർക്കുലർ നം.01/2021/ധന.
6. 30.01.2026 ലെ സ.ഉ.(സാധാ) നം.76/2026/TSM
7. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.02.2026 തീയതിയിലെ DOT/7866/2023-HB4 നമ്പർ കത്ത്.

**ഉത്തരവ്**

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റിൽ നിന്നും അവസാന ഗഡുവായി ₹48,67,400/-രൂപ (നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) രൂപ റിലീസ് ചെയ്യണമെന്ന് പരാമർശം (7) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷം "3452- 80-003-96-00-31 ഗ്രാൻഡ് ഇൻ എയിഡ്- ജനറൽ സാലറി (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ ബാക്കി നിൽക്കുന്ന തുകയായ ₹48,67,400/ -രൂപ (നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) ചുവടെ പറയുന്നവയടക്കം നിലവിലുള്ള സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുനൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

ii. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.

iii. പരാമർശം (4) ൽ നിഷ്കർഷിക്കും പ്രകാരമുള്ള ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർമോർമയിലുള്ള വിനയോഗ സർട്ടിഫിക്കറ്റും അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

iv. പരാമർശം (1), (2), (3) & (5) എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
ഡയറക്ടർ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, വെള്ളയമ്പലം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (3144518/പി.യു.-ബി2/44/2025-ധന തീയതി 27.02.2026 പ്രകാരം)
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 05-03-2026 16:12:37
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്